## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## കൊട്ടാരക്കര മീയണ്ണൂർ - നാൽക്കവല — കോളമത്ത് റോഡ് നവീകരണം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1093 — 12.07.2016 ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

| ശ്രീ. ജി.എസ്. ജയലാൽ | | ഡോ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പി.എം.ജി.എസ്.വൈ പദ്ധതിപ്രകാരം മീയണ്ണൂർ - നാൽക്കവല — കോളമത്ത് റോഡ് നവീകരിക്കുന്നതിലേയ്ക്കായി എത്ര രൂപ അനുവദിച്ചിരുന്നുവെന്നും, ആയത് വിനിയോഗിച്ച് റോഡ് നിർമ്മാണം പൂർത്തീകരിക്കുവാൻ ഉണ്ടായ തടസ്സങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ ; | (എ) | മീയണ്ണൂർ - നാൽക്കവല — കോളമത്ത് റോഡ് (0.855 മീറ്റർ) നവീകരിക്കുന്നതിനായി 60.07 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ ടി പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പണികൾ ഒന്നും തുടങ്ങിയില്ല. ആയതിനാൽ ടി കരാർ റദ്ദാക്കുകയും കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റീടെണ്ടർ ചെയ്യുകയും ചെയ്തു. |
| (ബി) | നിലവിൽ പ്രസ്തുത റോഡ് നിർമ്മാണത്തിന് ടെണ്ടർ നൽകുകയും ആയത് ഒരു കരാറുകാരൻ അധികരിച്ച തുകയ്ക്ക് ഏറ്റെടുക്കുകയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത റോഡ് നിർമ്മാണം ഈ കരാറുകാരനെ ഏൽപ്പിക്കുവാൻ സന്നദ്ധമാകുമോ ; | (ബി) യും (സി) യും | ടെണ്ടർ എക്സസ് നൽകി പണി പൂർത്തിയാക്കുന്ന വിഷയം പരിശോധിച്ചു വരുന്നു |
| (സി) | തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് എന്താണെന്നും അവ പരിഹരിച്ച് റോഡ് പണി ആരംഭിക്കുവാൻ നടപടി ഉണ്ടാകുമോ എന്നും വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ